## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3176** **26-06-2024 - ൽ മറുപടിയ്ക്ക്**

### തൊട്ടുപുഴ മാരിയിൽക്കലുങ്ക് പാലം അപ്രോച്ച് റോഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തൊട്ടുപുഴ മാരിയിൽ കലുങ്ക് പാലം അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി നൽകുന്ന നടപടി ഏതു ഘട്ടംവരെയായി; | (എ) | തൊട്ടുപുഴ മാരിയിൽ കലുങ്ക് പാലത്തിന്റെ നിർമ്മാണത്തിനായി 5.50 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 01.06.2013 തീയതിയിൽ കരാർ ഉടമ്പടിയിൽ ഏർപ്പെടുകയും പാലത്തിന്റെ നിർമ്മാണം 16.06.2017 ൽ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. പ്രസ്തുത പാലത്തിന്റെ ഇരു കരയിലുമുള്ള അപ്രോച്ച് റോഡുകൾക്കായി ഭൂമി ഏറ്റെടുക്കൽ നടപടികൾ 27.09.2022 തീയതിയിൽ പൂർത്തീകരിച്ച് റവന്യൂ വകുപ്പിൽ നിന്നും പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുള്ളതാണ്. അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതിക്കായുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് 18.02.2023 തീയതിയിൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ചതിനെത്തുടർന്ന് ധനകാര്യ വിഭാഗത്തിന്റെ ചീഫ് ടെക്നിക്കൽ എക്സാമിനർ സ്ഥലം സന്ദർശിക്കുകയും വേണ്ട കൂട്ടിച്ചേർക്കലുകൾ വരുത്തി വീണ്ടും റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയുമുണ്ടായി. അതിൻപ്രകാരം വേണ്ട മാറ്റങ്ങൾ വരുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് 26.03.2024 തീയതിയിൽ വീണ്ടും സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ളത് നിലവിൽ ധനവകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത അപ്രോച്ച് റോഡ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ